**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1491** **10-10-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലത്തിനായി സ്ഥലമെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | (1) <u>കടുത്തുരുത്തി ROB (LC. No-21)</u><br><br>11(1) നോട്ടിഫിക്കേഷൻ 20/06/2024-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സർവ്വെ ആരംഭിച്ചിട്ടുള്ളതും സബ് ഡിവിഷൻ സ്കെച്ചും ഫോറം നമ്പർ 7 എന്നിവ തയ്യാറാക്കി വരുന്നതും കെട്ടിടങ്ങളുടേയും വൃക്ഷങ്ങളുടേയും വില നിർണ്ണയം നടത്തി വരുന്നതായും BVR തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>(2) <u>കുറുപ്പന്തറ ROB (LC. No-22)</u><br><br>കുറുപ്പന്തറ ROB നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിനെതിരെ WP(C) 18680/2021 നമ്പർ കേസ് നിലവിലുണ്ട്.<br><br>3. <u>കോതനല്ലൂർ ROB (LC No-23)</u><br><br>സർവ്വെ നടപടികൾ പൂർത്തീകരിച്ചു. എൽ.എ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുകയും BVR തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചും വരുന്നു. |
| (ബി) | കുറുപ്പന്തറ റെയിൽവേ ഓവർ ബ്രിഡ്ജിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്ക് എതിരെ ഉണ്ടായ കേസുകളിൽ റവന്യൂ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ; കേസ് തീർപ്പാക്കാൻ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു; | (ബി) | കുറുപ്പന്തറ ROB നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിനെതിരെ 18680/2021 നമ്പർ ഹർജി നിലവിലുണ്ട്. ടി കേസ് അവസാനം ഹിയറിംഗ് നടന്നത് 06/11/2023 ലാണ്. WP(C) 18680/2021 നമ്പർ കേസ് വിധി പറയാൻ മാറ്റി വച്ചിരിക്കുകയാണ്. |
| (സി) | കോതനല്ലൂർ റെയിൽവേ ഓവർ ബ്രിഡ്ജ് (റോഡ് ഓവർ ബ്രിഡ്ജസ്) (എൽ.സി. നം.-23) സർവെ നടപടികൾ പൂർത്തീകരിച്ച് എൽ.എ. സബ് ഡിവിഷൻ സ്കെച്ച് അംഗീകരിച്ച് ബി. വി. ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (സി) | സർവ്വെ നടപടികൾ പൂർത്തീകരിക്കുകയും എൽ.എ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിച്ച് ലഭിക്കുകയും BVR തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. കണ്ടിജൻസി ചാർജ് ലാന്റ് അക്വിസിഷൻ ഓഫീസർക്ക് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കടുത്തുരുത്തി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ അംഗീകരിച്ച് 20.06.2024-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചശേഷം ഉണ്ടായ തുടർ നടപടി വിശദീകരിക്കാമോ? | (ഡി) | സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതും സബ് ഡിവിഷൻ സ്കെച്ച്, ഫോറം നമ്പർ 7 എന്നിവ തയ്യാറാക്കി കെട്ടിടങ്ങളുടേയും വൃക്ഷങ്ങളുടേയും വില നിർണ്ണയവും നടത്തി വരുന്നു. BVR തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ